**August: 18**

# ജോയിന്റ് ഫോറം ബുള്ളറ്റിൻ 12

സഖാക്കളെ,

ജോയിന്റ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് തിരുവനന്തപുരത്ത് ഡയറക്ടർ ബോർഡ് അംഗങ്ങളെ നേരിൽ കണ്ട് നിവേദനം നൽകി. ഈ മാസം 24 ന് ഡയറക്ടർ ബോർഡ് യോഗം തിരുവനന്തപുരത്ത് ചേരുകയാണ്. ഡയറകടർമാരായ ശ്രീ. പ്രേംകുമാർ (ജനറൽ മാനേജർ, കനറാ ബാങ്ക്), ശ്രീ. ലാലു പി.എൻ. കുട്ടി (നബാർഡ്) എന്നിവരെ നേരിൽ കണ്ട് നിവേദനം നൽകുകയും സമരത്തിലേക്ക് നയിച്ച കാര്യങ്ങൾ വിശദമാക്കുകയും ചെയ്തു . കൂടാതെ നബാർഡ് CGM ശ്രീ. ഗോപകുമാരൻ നായരെയും നാം നേരിൽ കാണുകയും നമ്മുടെ ആവശ്യങ്ങൾ വിശദമാക്കുകയും ചെയ്തു. RBI ഡയറക്ടറുടെ അപ്പോയിന്റ്മെന്റ് എടുത്തെങ്കിലും വ്യക്തിപരമായ ചില കാരണങ്ങളാൽ അദ്ദേഹത്തിന് ഓഫീസിൽ എത്തിച്ചേ രാൻ സാധിച്ചില്ല. സംസ്ഥാന സർക്കാർ അവധി ആയതിനാൽ സംസ്ഥാന സർക്കാർ നോമിനിയെയും കാണാൻ സാധിച്ചില്ല. ഈ രണ്ട് ഡയറക്ടർമാരെയും നാം ഉടൻ കാണും.

ഡയറക്ടർ ബോർഡിന്റെ അധികാരങ്ങളെ മറികടന്ന് Sponsor ബാങ്കിന്റെ ഇംഗിതങ്ങളെ നടപ്പിലാക്കാൻ ആണ് ചെയർമാൻ ശ്രമിക്കുന്നത്. 16 ന് നടന്ന ചർച്ചയിൽ ഭൂരിഭാഗം സമയവും പ്രകടമായതും ചെയർമാന്റെ ഈ ധിക്കാരപരമായ സമീപനം ആണ്. വരുന്ന ഡയറക്ടർ ബോർഡ് മീറ്റിങ്ങിൽ നമ്മുടെ ആവശ്യങ്ങൾ ന്യായമായി അവതരിപ്പിച്ച് അംഗീകരിക്കണമെന്ന് സംഘടനകളുടെ ഭാഗത്ത് നിന്നും ശക്തമായ സമ്മർദ്ദം ഉയത് കൊണ്ട് മാത്രമാണ് അങ്ങിനെ ചെയ്യാം എന്ന് അദ്ദേഹം ഉറപ്പ് നൽകിയത്. ശാഖകൾ ആവശ്യത്തിന് ആളില്ലാതെ നട്ടം തിരിയുമ്പോൾ നിലവിലുള്ള Man power പോളിസി പ്രകാരമുള്ള ഒഴിവുകൾ നികത്തണമെന്നും താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നും BC എന്ന പേരിൽ നടത്തുന്ന കരാർ നിയമനം ഒഴിവാക്കണമെന്നുമുള്ള ന്യായമായ ആവശ്യങ്ങൾ മാത്രമേ നാം ഉയർത്തിയിരുന്നുള്ളൂ. കരാർ ഒപ്പിട്ടിട്ടും അത് നടപ്പിലാക്കാൻ കൂട്ടാക്കാത്ത മാനേജ്മെന്റ് കരാർ നടപ്പിലാക്കാൻ മുന്നോട്ട് വരണം എന്നാണ് നാം ഇപ്പോൾ ആവശ്യപ്പെടുന്നത്. ഇത് അട്ടിമ റിക്കാൻ നാം ആരെയും അനുവദിക്കില്ല. ലക്ഷ്യം നേടുന്നത് വരെ നാം പോരാട്ടം തുടരുകത ന്നെ ചെയ്യും. സമരവേദിയിൽ അണിനിരക്കുന്ന മുഴുവൻ പോരാളികൾക്കും ഊഷ്മളാഭിവാദ്യങ്ങൾ.

ജനറൽ സെക്രട്ടറി
KGBEU OU
KGBSA OC
KGBEA OA